**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2041** **09-12-2022 - ൽ മറുപടിയ്ക്ക്**

**വയോജന ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വയോജന ക്ഷേമത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ; | (എ) | **വയോജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ചുള്ള വിവരം അനുബന്ധം-I ആയും തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധം-II ആയും ചേർക്കുന്നു.** |
| (ബി) | സംസ്ഥാന സർക്കാർ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ; | (ബി) | **ഉണ്ട്. പ്ലാൻ ഫണ്ട് പൂർണ്ണമായും ഉപയോഗിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്ത് നടത്തുന്ന വയോമിത്രം പദ്ധതിയുടെയും വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്.**<br><br>**തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.04.2022 ലെ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള മാർഗരേഖ നിലവിൽ ഉണ്ട്.പ്രസ്തുത മാർഗ്ഗരേഖയുടെ ഖണ്ഡിക 6.5(1) മുതൽ 6.5(12) വരെയായി സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായി ഏതൊക്കെ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട് .തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമാണ്.** |
| (സി) | വയോജന ക്ഷേമത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ സാമൂഹ്യ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; | (സി) | വയോജന ക്ഷേമത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ സാമൂഹ്യ ഓഡിറ്റ് നടത്തിയിട്ടില്ല. എന്നാൽ വയോമിത്രം പദ്ധതിയുടെ പുരോഗതി ധനകാര്യ വകുപ്പും CAG യുടെ Performane Audit ഉം വിലയിരുത്തിയിട്ടുണ്ട്. കൂടാതെ നിശ്ചിത ഇടവേളകളിൽ ഉദ്യോഗസ്ഥ തലത്തിൽ വിവിധ മീറ്റിംഗുകൾ കൂടിയും പദ്ധതിയുടെ പുരോഗതി |

| | | | |
|---|---|---|---|
| | | | വിലയിരുത്തി വരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് മുന്നോടിയായി അവസ്ഥാരേഖ തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 26/11/2021 ലെ സ. ഉ (കൈ) നം 275/2021/ തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്.അപ്രകാരം തയ്യാറാക്കപ്പെട്ട അവസ്ഥാരേഖയും വികസന രേഖയും അടിസ്ഥാനമാക്കിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതിയിലെ കരട് പദ്ധതികൾ തയ്യാറാക്കി ഗ്രാമസഭയിലും ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി തുടർന്ന് വികസന സെമിനാറിലും അവതരിപ്പിച്ച് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികളിലേയ്ക്ക് പോകുന്നത്. പ്രാദേശിക പദ്ധതിയെ ജനകീയമാക്കുന്നതിനുള്ള ഇത്തരം പ്രവർത്തനങ്ങൾ ഓരോ പ്രദേശത്തിന്റെയും ഓരോ വിഭാഗത്തിന്റെയും ആവശ്യകതയ്ക്കും അനുസൃതമായി സാമൂഹ്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കി വരുന്നത്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന വയോജന നയം പൂർണ്ണമായി നടപ്പാക്കുന്നതിൽ വ്യക്തമായ മാർഗ്ഗരേഖ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം മാർഗ്ഗ രേഖ പുറപ്പെടുവിക്കുന്നത് പിരഗണനയിലുണ്ടോ? | (ഡി) | ഉണ്ട്.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19/04/2022 തീയതിയിലെ സ.ഉ.(കൈ)നം.84/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-**ബ്ലോക്ക് -**ജില്ലാ പഞ്ചായത്തുകൾക്ക് പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗരേഖ നിലവിൽ ഉണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ ഖണ്ഡിക 6.5(1) മുതൽ 6.5(12) വരെയായി സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായി ഏതൊക്കെ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**1. വയോപോഷണം**

മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും പോഷകാഹാര ലഭ്യതയ്ക്കുമായി കോവിഡ് സാഹചര്യത്തിൽ ഫുഡ് കിറ്റ് വിതരണം ആരംഭിക്കുകയുണ്ടായി. സായംപ്രഭ ഹോമുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരന്മാർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഫുഡ് കിറ്റ് വിതരണം ചെയ്തു വരുന്നത്. രണ്ട് ഘട്ടങ്ങളിലായി ഏകദേശം 5000 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.

**2. വയോ അമൃതം പദ്ധതി**

സർക്കാർ വൃദ്ധസദനങ്ങളിൽ എത്തപ്പെടുന്ന താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനും സാന്ത്വന പരിചരണത്തിനും വേണ്ടി സാമൂഹ്യനീതി വകുപ്പ് ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് 14 ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി. 2014-15 സാമ്പത്തിക വർഷം മുതൽ സാമൂഹിക നീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 16 വൃദ്ധ സദനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ വർഷവും ഏകദേശം 900-1000 താമസക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്.

**3. സെക്കന്റ് ഇന്നിംഗ്സ് ഹോം**

വൃദ്ധ സദനങ്ങളുടെ നിലവാരം ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കണ്ണൂർ വൃദ്ധ സദനത്തിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം എന്ന പേരിൽ പദ്ധതി ആരംഭിച്ചു , പദ്ധതിയുടെ പ്രഥമ പരിഗണന അടിസ്ഥാന സൗകര്യ വികസനം, സേവനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്താൻ താമസക്കാരുടെ സംതൃപ്തമായ ജീവിതം ഉറപ്പു വരുത്തുക എന്നിവയ്ക്കായിരുന്നു. ഇതിനായി ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്രൊമോഷൻ ട്രസ്റ്റിനെ നിർവഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നു. കണ്ണൂർ വൃദ്ധ സദനത്തിൽ ആരംഭിച്ച പദ്ധതി തുടർന്ന് കൊല്ലം , മലപ്പുറം വൃദ്ധ സദനങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

**4. ഡിമെൻഷ്യ സെന്ററുകളുടെ പ്രവർത്തനം**

വയോജനങ്ങളായ അൽഷിമേഴ്സ് രോഗികളുടെ പരിപാലനത്തിനായി ARDSI യുടെ സഹകരണത്തോടെ തൃശ്ശൂർ ജിലിലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ പരിചരണ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു,

5. ബോധി

സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്കിടയിൽ അനുദിനം വർദ്ധിച്ചു വരുന്ന ഡിമെൻഷ്യ രോഗത്തെ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ആദ്യപടിയായി എറണാകുളം ജില്ലാ ഭരണകൂടവും, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രജന സെന്റർ ഫോർ ന്യൂറോ സയൻസുമായി ചേർന്ന് എറണാകുളം ജില്ലയെ ഡിമെൻഷ്യ ഫ്രണ്ട്‌ലി ജില്ല ആക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു,

**6. വയോ മധുരം പദ്ധതി**

പ്രമേഹ രോഗികൾ ആയ ബിപിഎൽ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി നടപ്പിലാക്കി വരുന്നു.

**7. വയോമിത്രം പദ്ധതി**

നഗരപ്രദേശത്ത് താമസിക്കുന്ന വയോജനങ്ങൾക്കായി ആരോഗ്യ പരിരക്ഷയും, മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട്ടു കൂടി 2011 മുതൽ സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് വയോമിത്രം.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ വയോജന ക്ഷേമത്തിനായി സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യപരിരക്ഷയും, മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ ന്നെ ഒരുക്കുകയെന്ന് ലക്ഷ്യത്തോട് കൂടി 2011 ൽ 'വയോമിത്രം' പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട് . പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ സൗജന്യമായി ജീവിതശൈലീ രോഗ നിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് സേവനം ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം, വാതിൽപ്പടി സേവനം എന്നിവ നൽകുന്നുണ്ട്. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 91 നഗരസഭ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തുകളിലും വളരെ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി മലബാൽ ഗ്രൂപ്പിന്റെ സഹകരണത്തോടെ ജീവിശൈലീ രോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 2015 മുതൽ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ബി.പി. കൊളസ്ട്രോൾ, ഷുഗർ എന്നിവയുടെ മെഷീൻ ടെസ്റ്റുകളും , യൂറിൻ (ഷുഗർ, ആൽബുമിൻ) ഇ.എസ്.ആർ ഒഴികെയുള്ള ബ്ലഡ് കൗണ്ട് ടെസ്റ്റുകളും, കിഡ്നി ഫംഗ്ഷൻ ടെസ്റ്റുകളും ഇ.സി.ജി. എന്നിവയും സൗജന്യമായി നടപ്പാക്കി വരുന്നു. ഈ വർഷം മുതൽ ബിലീറൂബിൻ ഹെപ്പറ്റൈറ്റിസ് ബി എന്നീ ടെസ്റ്റുകളും പദ്ധതിയിൽ ഉൾപ്പെടുത്തുന്നു . 2015 മുതൽ രണ്ട് ജില്ലകളിലായി ഏകദേശം 2000 ത്തിനുമേൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഒന്നര ലക്ഷത്തിനു മേൽ ഗുണഭോക്താക്കൾക്ക് പരിശോധനകളും നടത്തിയിട്ടുണ്ട്.

8. വയോജന കാൾ സെന്റർ

വയോജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിനു കേന്ദ്ര സർക്കാർ ധനസഹായത്തോടെ എൽഡർലൈൻ എന്ന ഹെൽപി ലൈൻ സാമൂഹ്യനീതി വകുപ്പ് നടത്തി വരുന്നു.

**9. മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 ന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പു വരുത്തുന്ന പദ്ധതി.**

വിവിധതരം ചൂഷണങ്ങൾക്ക് വിധേയരായികൊണ്ടിരിക്കുന്ന വയോജനങ്ങൾ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ സമർപ്പിക്കുന്ന പരാതികളിൽ ഫലപ്രദമായ രീതിയിൽ നടപടികൾ കൈക്കൊള്ളുകയും കേസുകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനുമായി ടെക്നിക്കൽ അസിസ്റ്റന്റുമാരെയും ഒരു സ്റ്റേറ്റ് കോർഡിനേറ്ററുടേയും സേവനം വകുപ്പ് ലഭ്യമാക്കി വരുന്നു. ഇവർ മുൻകൈയ്യെടുത്ത് അദാലത്തുകൾ മെഡിക്കൽ ക്യാമ്പ് ബോധവത്ക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു,.

**10. മുതിർന്ന പൗരന്മാർക്കായുള്ള സായംപ്രഭാ ഹോം പദ്ധതി – വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പകൽ വീടുകളിൽ അടിസ്ഥാന സൗകര്യങ്ങളും വിവിധ സേവനങ്ങളും ഉൾപ്പെടുത്തി സായംപ്രഭാ ഹോമുകളാക്കി അപ്ഗ്രേഡ് ചെയ്തു

വരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ മാതൃകാ സായംപ്രഭ പദ്ധതിയുടെ നടപ്പിലാക്കി വരുന്നു.

**11. വയോരക്ഷാ പദ്ധതി**

സംരക്ഷിക്കാൻ ആരുമില്ലാത്തതും തെരുവിൽ കഴിയുന്നവരും ആയ വയോജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ചികിത്സ പുനരധിവാസം എന്നിവ നൽകുന്നതിനുള്ള പദ്ധതി.

**12. വയോസേവന അവാർഡ്**

വയോജന മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മുതിർന്ന പൗരന്മാരുടെ മികച്ച വ്യക്തിത്വങ്ങൾക്കും അംഗീകാരം നൽകുന്നതിനായി വയോസേവന അവാർഡ് നൽകി വരുന്നു.

**13. സർക്കാർ വദ്ധ സദനങ്ങൾ**

60 വയസ്സ് കഴിഞ്ഞതും ആരും സംരക്ഷിക്കാനില്ലാത്തതും നിരാശ്രയരുമായ മുതിർന്ന പൗരന്മാരുടെ ക്ഷേമം , സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി കേരളത്തിൽ 14 ജില്ലകളിലായി 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ച് വരുന്നു.

14. സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് ഓർഫനേജ് കണ്ട്രോൾ ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം 199 സന്നദ്ധ സംഘടനകൾ മുഖേന സംരക്ഷണം നൽകി വരുന്ന 8147 വയോജനങ്ങൾക്ക് മേൽ പ്പറഞ്ഞ പ്രകാരം ഗ്രാന്റ് അനുവദിച്ച് നൽകിയിരുന്നു. പ്രതിമാസം ഒരു താമസക്കാരന് 1100/- രൂപ നിരക്കിലാണ് NGP യ്ക്ക് ഗ്രാന്റ് നൽകി വരുന്നത്.